(സി)

- വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
- വിദ്യാലയങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കൂടുതൽ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിക്കുക.
- മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം ശേഖരിച്ച് താഴെ കിണറുകളിലേയ്ക്ക് റീ ചാർജ്ജ് ചെയ്ത് ഭൂഗർഭ ജലവിതാനം ഉയർത്തുക.

19.77 കോടി രൂപയുടെ പദ്ധതിരേഖ സമർപ്പിക്കുകയും 4.20 കോടി രൂപ പദ്ധതിക്കായി അനുവദിക്കുകയും ചെയ്തു. 2013-14-ലെ സ്റ്റേറ്റ് പ്ലാൻ പദ്ധതി വിഹിതം ഉപയോഗിച്ച് 1125 വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ രണ്ട് ജില്ലകളിലെ (ഇടുക്കി, എറണാകുളം) നാല് ഗ്രാമപഞ്ചായത്തുകളിലായി (ഇടുക്കി-കൊക്കയാർ, കരുണാപുരം, എറണാകുളം-നായരമ്പലം, പള്ളിപ്പുറം) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. 2014-15-ലെ പദ്ധതി വിഹിതം ഉപയോഗിച്ച് 1000 കുടുംബങ്ങൾക്ക് മഴവെള്ള സംഭരണികൾ ഇടുക്കി, കാസർഗോഡ് ജില്ല കളിലെ ഇടുക്കി-കട്ടപ്പന, കാമാക്ഷി, പെരുവന്താനം-കാസർഗോഡ് -മംഗൽപാടി, വെസ്റ്റ് എളേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഈ പദ്ധതി 1000 കുടുംബങ്ങളുടെ കുടിവെള്ളപ്രശ്നം പരിഹരി ക്കുന്നതിന് സഹായകരമാകുന്നു. മേൽ സൂചിപ്പിച്ചിരിക്കുന്ന പഞ്ചായത്തുകൾക്ക് വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഏറെ സഹായകരമായ പദ്ധതിയാണിത്.

വൻകിട ശുദ്ധജല വിതരണ പദ്ധതികൾ

184 (849) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട ശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ എന്തെല്ലാം ; പ്രസ്തുത പദ്ധതി കളുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വരൾച്ച പ്രതിരോധിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) മറ്റുള്ള വകുപ്പുകളിൽനിന്നും ലഭിക്കേണ്ടതായ അനുമതികൾ സർക്കാർ തലത്തിൽ യോഗങ്ങൾ സംഘടിപ്പിച്ച് തീരുമാനങ്ങൾ എടുത്ത് വൻകിട പദ്ധതികൾ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാ വൻകിട പദ്ധതികളും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ പ്രോജക്ട് അലർട്ട് സിസ്റ്റം (PASK) സംവിധാനത്തിലും വീഡിയോ കോൺഫറൻസ് വഴിയും അവലോകനം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നബാർഡ്, ജൈക്ക, ജൻറം (JNNURM), UIDSSMT എന്നിവയാണ് വിവിധ വൻകിട ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാൻ സഹകരിക്കുന്നത്.

(ബി) വേനൽക്കാലങ്ങളിൽ ജലലഭ്യത കുറയുന്ന സ്രോതസ്സുകളിൽ താൽക്കാലിക/സ്ഥിര തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പു വരുത്തുന്നുണ്ട്. ഇതുമൂലം ഒരു പരിധി വരെ കുടിവെള്ള ലഭ്യത സാധ്യമാകുന്നുണ്ട്.

ആലപ്പുഴ ജില്ലയിൽ കടൽഭിത്തി പുലിമുട്ട് സ്ഥാപിക്കാൻ നടപടി

185 (850) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയുടെ തീരദേശത്തിന്റെ ആകെ ദൈർഘ്യമെത്ര ; അമ്പലപ്പുഴ, ആലപ്പുഴ, ചേർത്തല, അരൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ ഓരോന്നിലും എത്ര കിലോമീറ്റർ വീതം കടൽ തീരമുണ്ട് ;

(ബി) മേൽപ്പറഞ്ഞ ഓരോ മണ്ഡലത്തിലും 2001-2006-ൽ പുതുതായി നിർമ്മിച്ച പുലിമുട്ട്/കടൽഭിത്തിയുടെ ദൈർഘ്യം എത്ര ; അതിനുവേണ്ടി ചെലവായ തുക എത്ര ; ഓരോ മണ്ഡലത്തിലും റിപ്പയർ ആന്റ് മെയിന്റനൻസ് നടത്തിയ ദൈർഘ്യം എത്ര ; ചെലവായ തുക എത്ര ; വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ ഓരോ മണ്ഡലത്തിലും 2006-2011-ൽ പുതുതായി നിർമ്മിച്ച കടൽഭിത്തി/പുലിമുട്ടിന്റെ ദൈർഘ്യമെത്ര ; അതിനായി ചെലവായ തുക എത്ര ; ഓരോ മണ്ഡലത്തിലും ഈ കാലയളവിൽ റിപ്പയർ ആന്റ് മെയിന്റനൻസ് നടത്തിയ ദൈർഘ്യമെത്ര ; ചെലവായ തുക എത്ര ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly